## പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.487      23.03.2018 ന് മറുപടിയ്ക്ക്.

### വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യങ്ങളെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) എങ്കിൽ അതിലെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ)&(ബി) മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും, അവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും, ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, ചീഫ് വൈൽഡ് ലൈഫ് വാർഡൻ കൺവീനറുമായി 01.02.2011-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നം.04/2011/വനം പ്രകാരം പത്തംഗ കമ്മറ്റിയെ നിയോഗിച്ചിരുന്നു. ടി കമ്മറ്റി 03.05.2011-ൽ സർക്കാരിന് ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>കമ്മറ്റി മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളായി കണ്ടെത്തിയിരിക്കുന്നത് ചുവടെ പറയുന്ന കാര്യങ്ങളാണ്.<br>1. വന്യജീവികളുടെ ആവാസ സ്ഥലത്തിന്റെ തുടർച്ച നഷ്ടപ്പെടുകയും, അവ പല ചെറിയ ഭാഗങ്ങളായി മുറിഞ്ഞു പോയതും കാരണം വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സം നേരിടുകയും വന്യജീവികൾ നാട്ടിലിറങ്ങുന്നതിനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്തു.<br>2. വനമേഖലകൾ കയ്യേറിയും, വനങ്ങൾക്കടുത്തായി പുതുതായി കൃഷിസ്ഥലങ്ങൾ രൂപീകരിച്ചതും, വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ അവലംബിച്ചതും മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനുള്ള കാരണമായി.<br>3. ആനത്താരകൾ മുറിഞ്ഞതും, അവയുടെ തുടർച്ച നഷ്ടപ്പെട്ടതും മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ആഘാതം കൂട്ടുന്നുണ്ട്.<br>4. കാട്ടുപാതകളിൽ അനിയന്ത്രിതമായുണ്ടാകുന്ന അടിക്കാടുകളുടെ വളർച്ച മൂലം വന്യജീവികൾക്ക് അവയുടെ സഞ്ചാരപാതകൾ കൃത്യമായി കാണാൻ കഴിയാതെ വരുന്നതുകൊണ്ട്. |

5. വനാതിർത്തി പ്രദേശങ്ങളിൽ ജൈവ മാലിന്യങ്ങളുടെ നിക്ഷേപം വന്യജീവികളെ ജനവാസ മേഖലകളിലേക്ക് ആകർഷിക്കാൻ ഇടയാക്കുന്നു.
6. മാൻ, ആന, കാട്ടുപോത്ത്, കാട്ടുപന്നി, മയിൽ ഉൾപ്പെടെയുള്ള സസ്യഭുക്കുകളായ വന്യ-ജീവികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്.
7. അയൽ സംസ്ഥാനങ്ങളിൽ നിന്നും ജലവും ഭക്ഷണവും തേടി ആനകൾ സംസ്ഥാനത്തെ കാട്ടുകളിൽ എത്തുന്നത്.

(സി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുവാനുള്ള സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

(സി) വന്യജീവികൾ നാട്ടിലിറങ്ങുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ